# തിരുവിതാംകൂർ ദേവസ്വം ബോർഡ്

''സ്വാമി ശരണം''

ഡിഎ.നം. 362/24/B1

ദേവസ്വം അക്കൗണ്ട്സ് ആഫീസ്
തിരുവനന്തപുരം
തീയതി: 24/04/2024

## സർക്കുലർ

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക അത്യാവശ്യം പരിഗണിച്ച് എല്ലാ ദേവസ്വങ്ങളിലേയും കാണിക്ക വഞ്ചികളും കുടങ്ങളും പൊട്ടിച്ച് എണ്ണി തിട്ടപ്പെടുത്തി തുക ദേവസ്വം ഫണ്ടിൽ 30/4/2024-ന് മുമ്പായി ഒടുക്ക് വരുത്തേണ്ടതാണ്. കൂടാതെ 2024-25 സാമ്പത്തിക വർഷത്തെ സഞ്ചായ കുത്തക ലേലങ്ങളുടെ ഏപ്രിൽ 30 നകം ലഭിക്കേണ്ട ഗഡുതുകകൾ പ്രസ്തുത തീയതിക്കകം തന്നെ വാങ്ങി ദേവസ്വം ഫണ്ടിൽ ഒടുക്കേണ്ടതാണ്. എല്ലാ ദേവസ്വങ്ങളുടേയും വരവ് തുക ഒട്ടും തന്നെ നീക്കിയിരിപ്പ് അവശേഷിക്കാത്ത വിധം 30/4/2024-ൽ ദേവസ്വം ഫണ്ടിൽ ഒടുക്ക് വരുത്തണം.

ഏപ്രിൽ മാസത്തെ ശമ്പളത്തിലേയ്ക്ക് ക്രഡിറ്റ് ആവശ്യപ്പെടുമ്പോൾ ശമ്പള ഇനത്തിലേയ്ക്ക് ആവശ്യമായ കൃത്യമായ തുക മാത്രം ആവശ്യപ്പെടേണ്ടതാണ്. മറ്റ് ചെലവുകളുടെ തുക ക്രഡിറ്റിനൊപ്പം ആവശ്യപ്പെടുവാൻ പാടില്ലാത്തതും ശമ്പള ആവശ്യത്തിനായി വാങ്ങുന്ന ക്രഡിറ്റ് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്.

വിശ്വസ്തതയോടെ

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്:- എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും